നം.20/2017/SRG/CC (17)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 11.30 മണിക്ക് ബഹു. തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പദ്ധതി പുരോഗതി അവലോകനം

=======================

ഇതുവരെയുള്ള ആകെ പദ്ധതി ചെലവ് 37.05 ശതമാനമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 43.18 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 39.04 | ,, |
| മുനിസിപ്പാലിറ്റി | - | 35.33 | ,, |
| കോർപ്പറേഷൻ | - | 28.15 | ,, |
| ജില്ലാ പഞ്ചായത്ത് | - | 20.84 | ,, |
| **ആകെ** | - | 37.05 | **ശതമാനം** |

### 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട വിഷയങ്ങൾ

==========================================================

**2.1 13.09.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**(II) ഖണ്ഡിക നം.2.2.7**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017-ലെ 82/2017/DPO /Kannur നമ്പർ കത്ത്.**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഉടനെ തന്നെ ഇറക്കുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്)

### ഖണ്ഡിക 3.11

പദ്ധതി പുരോഗതിയിൽ ഈ വർഷത്തെ പുതിയ പ്രോജക്ടുകളിന്മേലുള്ള ചെലവും സ്പിൽ ഓവർ പ്രോജക്ടുകളുടെ ചെലവും പ്രത്യേകമായി തദ്ദേശസ്വയംഭരണവകുപ്പ് സൈറ്റിൽ ഇടുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ടെന്ന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക 4.10

**4.10 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2017-ലെ P1-315/2017/TDP നമ്പർ കത്ത്**

(2) പ്രോ.നം 157 - മെച്ചപ്പെട്ട വിദ്യാഭ്യാസം - അടങ്കൽ 20.00 ലക്ഷം രൂപ (വികസനഫണ്ട്)

നാലാം ക്ലാസ്സിൽ കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് രക്ഷാകർത്താക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സുമുതൽ പ്ലസ് 2 വരെ ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയാണ് ലക്ഷ്യം. കുട്ടികളുടെ ട്യൂഷൻ ഫീസ്, പഠനോപകരണങ്ങൾ, യൂണിഫോം, താമസം, ആഹാര ചെലവ്, ഒരു വർഷത്തിൽ 3 തവണ വീട്ടിൽ പോയി വരുന്നതിന് യാത്രാ ചെലവ് എന്നിവയാണ് പ്രവർത്തനം. ഇത് തിരുവനന്തപുരം പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ മുഖേന അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം.

നടപടി: പഞ്ചായത്ത് ഡയറക്ടർ

ഖണ്ഡിക 4.11

**കേരള നിലത്തെഴുത്ത് ആശാൻ സംഘടനയുടെ അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി സെക്രട്ടറിയുടെ 08.10.2010.-ലെ കത്തും വിവിധ താലൂക്ക് കമ്മിറ്റിക്ക് നൽകിയ കത്തുകളും**

കേരളത്തിലെ അംങ്കണവാടികളിലും പ്രീ-പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതുപോലെ നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്കും ഇവ നൽകണമെന്നും ഈ കുട്ടികൾക്കും സ്കോളർഷിപ്പും അലവൻസും അനുവദിക്കണമെന്ന ആവശ്യവും സംബന്ധിച്ച് പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

നടപടി: പഞ്ചായത്ത് ഡയറക്ടർ

തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

ഖണ്ഡിക 4.19

**കടങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 16.03.2016-ലെ കത്തും 05.04.2017-ലെ A42456/16-ാം നമ്പർ കത്തും (LSGD- DB3/364/2016-LSGD)**

2008-09 വർഷം സർക്കാർ അനുമതിയോടെ ഒരു ആംബുലൻസ് പഞ്ചായത്ത് വാങ്ങി. ആംബുലൻസിന്റെ നടത്തിപ്പും പരിപാലന ചുമതലയും പഞ്ചായത്ത് നേരിട്ട് നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം : -** ഇതുവരെയുള്ള വരവും ചെലവും പരിശോധിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ അറിയിച്ചതനുസരിച്ച് ഇതിന്റെ നടത്തിപ്പും പരിപാലന ചുമതലയും പഞ്ചായത്തിന് നേരിട്ട് നടത്താൻ അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ

ഖണ്ഡിക 4.33

**തിരുവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.07.2017-ലെ B2-4252/17-ാം നമ്പർ കത്തും (ലഭിച്ചത് 08.12.2017-ൽ) 17.06.2017-ലെ 28(3)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

2013-14-ൽ ആരംഭിച്ച ഇ.എം.എസ്. ഭവന പദ്ധതിയിൽ 268 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇതിൽ 156 കുടുംബങ്ങൾ വീടുപണി പൂർത്തിയാക്കി ഇനിയും 112 ഗുണഭോക്താക്കൾക്കു കൂടി തുക നൽകാനുണ്ട്. ഇത് സ്പിൽ ഓവറായി ഈ വർഷം എടുത്തിട്ടില്ല. കൂടാതെ പദ്ധതി തുടരാൻ ബാങ്ക് വായ്പയും എടുക്കേണ്ടതുണ്ട്. ഇതിന്റെ പലിശ സർക്കാരിൽ നിന്നാണ് തിരിച്ചടയ്ക്കേണ്ടത്. പ്രോജക്ട് തുടരാനും പലിശ സർക്കാരിൽ നിന്ന് അടയ്ക്കാനുമുള്ള തീരുമാന മുണ്ടാകണമന്ന ആവശ്യം സംബന്ധിച്ച് ഇത് പരിശോധിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് റിപ്പോർട്ട് നൽകണം.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ലൈഫ് മിഷൻ

## 3. പൊതു വിഷയങ്ങൾ

==================

3.1 സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് മുഖ്യനിർവ്വഹണ ചുമതലയുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന് മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾ തുക കൈമാറാറുണ്ട്. ഇങ്ങനെ കൈമാറുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28 – നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിനു തിരികെ കൈമാറണമെന്നാണ് സർക്കാർ നിർദ്ദേശം. (23.01.2017 ലെ 7/2017/ഫിൻ നമ്പർ ഉത്തരവ്) ഇങ്ങനെ തിരികെ ലഭിക്കുന്ന തുക ഏതു ഫണ്ടായി കണക്കാക്കി ചെലവഴിക്കണം എന്നും ഏത് അക്കൗണ്ടിൽ സൂക്ഷിക്കണമെന്നും സംബന്ധിച്ച് സ്പഷ്ടീകരണം നൽകാൻ ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) ധനകാര്യ വകുപ്പ്)

3.2 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാർക്കുള്ള ഉപകരണം വാങ്ങി നൽകുന്ന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണ് എന്നത് സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

''ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണം വാങ്ങുന്ന പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ, സി.ഡി.പി.ഒ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ യഥാക്രമം ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ നിർവഹണ ഉദ്യോഗസ്ഥരായിരിക്കണം. നഗരസഭകളിൽ ഐ.സി.ഡി.എസ്/സി.ഡി.പി.ഒ ഇത്തരം പ്രോജക്ടുകൾ നിർവഹണം നടത്തണം. എന്നാൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉപയോഗ

ക്ഷമത ഉറപ്പാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സഹായം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്തേണ്ടതാണ്''
ഈ രീതിയിൽ ആവശ്യമായ ഭേദഗതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടിൽ വരുത്താവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.3 ക്രിമിറ്റോറിയം നിർമ്മിക്കുന്ന പ്രോജക്ടുകളിൽ സിവിൽ പാർട്ടും മെക്കാനിക്കൽ പാർട്ടും ഉണ്ട്. മെഷീനറിയും മറ്റും ഉൾപ്പെടുന്ന മെക്കാനിക്കൽ പാർട്ട് ഉള്ളതിനാൽ ഇത് സ്ഥാപിക്കുന്നതിനും മറ്റും ചില സ്ഥലങ്ങളിൽ എഞ്ചിനീയർമാർക്ക് അവ്യക്തതയുണ്ട് എന്നറിയുന്നു. ഇത്തരം പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ എഞ്ചിനീയർ, (അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ) തന്നെ നിർവഹണം നടത്തേണ്ടതാണ്.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയർ)

3.4 ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് മതിയായ തുക എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വകയിരുത്തണം. ലൈഫ് പദ്ധതിക്ക് തുക കണ്ടെത്തുന്നതിന് മേഖലാ വിഭജനം/നിർബന്ധ വകയിരുത്തലിനുള്ള നിയന്ത്രണം ഒഴിവാക്കാൻ തീരുമാനിച്ചു. ഇങ്ങനെ മേഖലാ വിഭജനം ഒഴിവാക്കുമ്പോൾ ലഭിക്കുന്ന തുക ലൈഫ് പദ്ധതിക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഇതിന് ആവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ നടത്തണം.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

3.5 ഐ.കെ.എം വെബ് സൈറ്റിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കണം.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

3.6 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിക്കേണ്ട വിഷയങ്ങളും സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, കേരള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചേംബർ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, മേയേഴ്സ് കൗൺസിൽ എന്നിവരുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി:-1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

3.7 വിവിധ സ്കൂളുകളിൽ MLASDF/ MPLAD മുഖേനയും മറ്റു രീതിയിലും ആർജ്ജിച്ചിട്ടുള്ള ബസ്സുകളുടെ ഡ്രൈവറുടെ ശമ്പളം, ഇന്ധന ചെലവ്, മറ്റ് ആവർത്തന ചെലവ് എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.8 തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന്റെ കൺട്രോളിംഗ് ഓഫീസറായി ഇപ്പോൾ പ്രവർത്തിക്കുന്നത് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന്റെ കൺട്രോളിംഗ് ഓഫീസറായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാരെ സബ് കൺട്രോളിംഗ് ഓഫീസർ ആയി നിശ്ചയിക്കാനും തീരുമാനിച്ചു. ഇപ്രകാരം ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള തുടർ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറും ചെയ്യണം

(നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) ത.സ്വ.ഭവ. ചീഫ് എഞ്ചിനീയർ
3) സാമൂഹ്യനീതി ഡയറക്ടർ)

3.9 കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ചുള്ള പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കി തുക കൃത്യമായി ചെലവഴിക്കുന്നില്ല എന്ന് ജില്ലാതല അവലോകന യോഗത്തിൽ കണ്ടെത്തിയിരുന്നു. ഈ വിഷയം ബഹു. വൈദ്യുതി വകുപ്പമന്ത്രി , ജല വിഭവ വകുപ്പ്മന്ത്രി എന്നിവരുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.10 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി നിർവഹണവും 2018-19-ലെ പദ്ധതി ആസൂത്രണ നടപടി പുരോഗതിയും ബ്ലോക്ക് ജില്ലാ തല അവലോകനവും ചെയ്യാനുള്ള നടപടി ജില്ലാ ആസൂത്രണസമിതി സ്വീകരിക്കണം.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ്. ഡി.പി. ഡിവിഷൻ
3) പഞ്ചായത്ത് ഡയറക്ടർ
4) നഗരകാര്യ ഡയറക്ടർ
5) ഗ്രാമവികസന കമ്മീഷണർ)

3.11 യുവ കലാകാരൻമാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ 16.01.2018-ലെ കത്തിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു. കേരളത്തിന്റെ തനത് ക്ലാസ്സിക്കൽ കലാ രൂപങ്ങളുടെ പരിപോഷണത്തിനും സുകുമാര കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കാനും യുവ മനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുവാനും ലക്ഷ്യമിട്ട് സാംസ്കാരിക വകുപ്പ് ''യുവ കലാകാരൻമാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്'' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത യോഗ്യത നേടിയവരോ ഫോക് ലോർ കലാ രൂപങ്ങളിൽ പ്രാവീണ്യമുള്ളവരോ ആയ ആയിരം യുവ കലാകാരൻമാർക്ക് പ്രതിമാസം 10,000/- രൂപയുടെ ഫെലോഷിപ്പ് നൽകി അവരെ കലാ പരിശീലനത്തിനായി കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലും വിനിയോഗിക്കുകയെന്നതാണ് പദ്ധതി. ഇതിന്റെ ചെലവ്

സാംസ്കാരിക വകുപ്പ് വഹിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ താഴെപ്പറയുന്ന ക്രമീകരണം നടത്തണം.

1) വിദ്യാലയങ്ങളും കമ്മ്യൂണിറ്റി കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് കലാ പരിശീലനത്തിന്റെ ഏകോപനം ജില്ലാ പഞ്ചായത്തുകൾ നടത്തണം.
2) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൻ കീഴിൽ കലാ പരിശീലനത്തിനായി നീക്കി വച്ചിട്ടുള്ള അദ്ധ്യയന സമയം ഫെലോഷിപ്പ് കലാകാരൻമാർ വഴി ഫലപ്രദമായി വിനിയോഗിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ആലോചിച്ച് ക്രമീകരണ മുണ്ടാക്കണം. ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.
3) ഫെലോഷിപ്പ് വിഹിതം നൽകുന്നതിനും കലാകാരന്മാരുടെ ആതിഥേയത്വ ചെലവുകൾ വിഹിക്കുന്നതിനും നഗരസഭകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പദ്ധതി വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

3.12 ഹരിത കേരള മിഷൻ

തദ്ദേശഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേന വഴി സമാഹരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിന് എം.സി.എഫുകൾ നിർമ്മിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എം.സി.എഫിൽ സമാഹരി ക്കപ്പെടുന്നവ തരം തിരിച്ച് പുനഃചംക്രമണ സാദ്ധ്യതയുള്ള വസ്തുക്കൾ പൊടിച്ച് റോഡ് ടാറിംഗിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പി.ഡബ്ല്യു.ഡിയ്ക്ക് നൽകുന്നതിനുള്ള മുഖ്യ കേന്ദ്രമാണ് ആർ.ആർ.എഫ്. എം.സി. എഫ്-ആർ.ആർ. എഫുകൾ സ്ഥാപിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് 2024/2017 നമ്പർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്.

ശുചിത്വ മാലിന്യ സംസ്കരണ പരിപാടിയിലെ മുഖ്യ ഘടകമാണ് അജൈവ മാലിന്യങ്ങളുടെ സമാഹരണവും സംസ്കരണത്തിനായി നൽകലും ഇത് വിജയിക്കുന്നതിലൂടെ മാത്രമേ ശുചിത്വ മാലിന്യ പരിപാടി വിജയിക്കുകയുള്ളൂ. ഇതിന് ആവശ്യമായ സുസ്ഥിര സ്ഥാപന സംഘടനാ സംവിധാനം വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. കാലക്രമേണ ഈ സംവിധാനം പൂർണ്ണമായും ഒരു ബിസിനസ്സ് മോഡലായി മാറേണ്ടതുണ്ട്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുന്ന വസ്തുക്കളിൽ വില കിട്ടാൻ സാദ്ധ്യതയുള്ളവ പൂർണ്ണമായും സമാഹരണ ശൃംഖലയിലൂടെ വരണമെന്നില്ല. അവ നിലവിലുള്ള അനൗപചാരിക ശൃംഖലയിലേയ്ക്ക് പോകുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണെന്നുള്ളത് ഒരു വലിയ വെല്ലുവിളിയാണ്. അപ്പോൾ തുടക്കത്തിലുണ്ടാകാവുന്ന നഷ്ടം കാണുകയും ലാഭ-നഷ്ടമില്ലാതെ മുന്നോട്ട് ആർ.ആർ. എഫുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യ മായ വയബിലിറ്റിഗ്യാപ് ഫണ്ട് ലഭ്യമാക്കുക അനിവാര്യമാണ്.

ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും സ്ഥാപിക്കുന്ന ആർ.ആർ.എഫ്.(റിസോഴ്സ് റിക്കവറി ഫെസിലിറ്റി)ന്റെ പ്രവർത്തന പരിപാലന ത്തിന് പ്രതീക്ഷിക്കുന്ന വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്ലീൻ കേരള കമ്പനിക്ക് ഒരു ആർ.ആർ.എഫ്. നടത്തുന്നതിന് പ്രതിമാസം പ്രതീക്ഷിക്കുന്ന ചെലവ് | 1,64,500/- |
| പ്രതിവർഷം ചെലവ് | 1,64,500 X12= 19,74,000/- |
| ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക്കും ഇതര സാധനങ്ങളും പ്രതിമാസം വിറ്റു കിട്ടുന്ന വരവ് | 1,56,000/- |
| പ്രതിവർഷം വരവ് | 18,72,000/- |
| അധിക ചെലവ് | 19,74,000 – 18,72,000 =1,02,000 |
| ലാഭകരമല്ലാത്ത സാധനങ്ങൾ കൈകാര്യം ചെയ്യുന്നതുമൂലം കമ്പനിക്കു വരുന്ന ചെലവ് (വർഷത്തിൽ 2 പ്രാവശ്യം 2X 52,000) | 1,04,000/- |
| ആകെ അധിക ചെലവ് | 2,06,000/- |

ഇതു പ്രകാരം ഒരു ആർ.ആർ.എഫ്. നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന 2,06,000/- രൂപയുടെ അധിക ചെലവ് നികത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് വി.ജി.എഫ്. അനുവദിക്കണമെന്ന് ഹരിത കേരള മിഷൻ വൈസ് ചെയർമാൻ ആവശ്യപ്പെട്ടു.

**തീരുമാനം** :- ചർച്ചയുടെ അടിസ്ഥാനത്തിൽ ഹരിത കേരള മിഷൻ ആവശ്യപ്പെട്ടതു പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന ആർ.ആർ. എഫിൽ നിന്ന് അജൈവ മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ക്ലീൻ കേരള കമ്പനിക്ക് ആദ്യത്തെ ഒരു വർഷം മാത്രം 2,06,000/- രൂപയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. ടി തുക ഹരിത കേരള മിഷൻ പ്രോജക്ടുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നീക്കിവയ്ക്കേണ്ട തുകയിൽ ഉൾപ്പെടുത്തുവാനും അവർക്ക് അനുവാദം നൽകി തീരുമാനിച്ചു. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിലേയ്ക്കായി വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് നൽകാം

**(നടപടി-** തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.13 ഹരിത സഹായ സ്ഥാപനം

15.07.2017-ാം തീയതിയിലെ 2420/17/ തസ്വഭവ നമ്പർ ഉത്തരവിൽ ഹരിത സഹായ സ്ഥാപനത്തിന്റെ അനിവാര്യതയും പ്രവർത്തനവും ഘടനയും സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. ഇതിൽ ഹരിത കേരളം മിഷൻ നിശ്ചയിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓരോ ക്ലസ്റ്ററിലേയ്ക്കും തെരഞ്ഞെടുക്കുന്ന ഹരിത സഹായ സ്ഥാപനത്തിൽ ഉണ്ടാകേണ്ട ജീവനക്കാരുടെ യോഗ്യതയും അവർ നൽകേണ്ട സേവനങ്ങളും ഇടവേളകളും സബന്ധിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു. ഹരിത കേരളം മിഷൻ ക്ലസ്റ്റർ അല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതും വേതനം നിശ്ചയിക്കേണ്ടതുമാണെന്ന് ടി ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നു. ഇതനുസരിച്ച് ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷന്റെ ഇംപ്ലിമെന്റ് ഏജൻസിയായ ശുചിത്വ മിഷൻ ആരംഭിച്ചു കഴിഞ്ഞു.

ഈ ഹരിത സഹായ സ്ഥാപനങ്ങൾക്ക് നൽകേണ്ട കൺസൾട്ടൻസി ഫീസ് (വേതനം) സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹരിത കേരളം മിഷൻ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ഒരു ക്ലസ്റ്ററിലെ ചെലവുകൾ (ഒരു മാസത്തേയ്ക്ക്)

| | |
|---|---|
| സാങ്കേതിക വിദഗ്ധന് വേതനം | 50,000/- രൂപ |
| കോ-ഓർഡിനേറ്റർക്ക് വേതനം | 40,000/- രൂപ |
| ടെക്നീഷ്യന് വേതനം | 30,000/- രൂപ |
| യാത്രാചെലവ് (3 പേർക്ക്) | 40,000/- രൂപ |
| ഓഫീസ് വാടക, സ്റ്റേഷനറി, ഇന്റർനെറ്റ്, വൈദ്യുതി, വെള്ളം, മുതലായവ | 10,000/- രൂപ |
| ആകെ | 1,70,000/- രൂപ |
| ഒരു വർഷത്തേയ്ക്ക് വേണ്ടി വരുന്ന ചെലവ് | 20,40,000/- രൂപ |
| 6 പഞ്ചായത്തുകൾ ചേർന്ന ക്ലസ്റ്ററിന് ഒരു പഞ്ചായത്ത് നൽകേണ്ടി വരുന്ന തുക | 20,40,000 ÷ 6 =3,40,000/- രൂപ |
| 3 മുനിസിപ്പാലിറ്റികൾ ചേർന്ന ക്ലസ്റ്ററിന് ഒരു മുനിസിപ്പൽ/കോർപ്പറേഷൻ നൽകേണ്ട തുക | 20,40,000 ÷ 3 = 6,80,900/- രൂപ |

**തീരുമാനം:-**

ഒരു ക്ലസ്റ്ററിന്റെ ചുമതല ഏറ്റെടുക്കുന്ന ഹരിത സഹായ സ്ഥാപനത്തിന് ഒരു മാസം പരമാവധി 1,70,000 നൽകാവുന്നതാണ്. ഹരിത കേരള മിഷന്റെ ഇംപ്ലിമെന്റിംഗേ ഏജൻസിയായ ശുചിത്വ മിഷൻ ഓരോ ക്ലസ്റ്ററിലും ബന്ധപ്പെട്ട ഹരിത സഹായ സ്ഥാപനം നിയമിക്കുന്ന സാങ്കേതിക വിദഗ്ധർ, കോഓർഡിനേറ്റർ എന്നിവരുടെ വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം, ക്ലസ്റ്ററിന്റെ ഭൂവിസ്തീർണ്ണം മറ്റ് സൗകര്യങ്ങൾ എന്നിവ പ്രത്യേകം പരിശോധിച്ച് ഓരോ സ്ഥാപനത്തിനും പ്രത്യേകം നിരക്ക് നിശ്ചയിക്കണം. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കണം.

ആദ്യ രണ്ടു വർഷം ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൽ നൽകേണ്ടതുണ്ട്. എന്നാൽ ആദ്യവർഷത്തെ പ്രവർത്തനം റിവ്യൂ ചെയ്ത ശേഷമായിരിക്കും രണ്ടാം വർഷം ചുമതല തുർന്ന് നൽകുന്നത്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മസേന സ്വയം പ്രവർത്തനശേഷി കൈവരിക്കുന്നതിനാൽ തുടർന്ന് ഈ ആവശ്യങ്ങൾക്ക് ഹരിത സഹയ സ്ഥാപനത്തിന്റെ സേവനം ആവശ്യമായി വരില്ല എന്നതുകൊണ്ട് രണ്ടു വർഷത്തിനുശേഷം ഒരു കാരണവശാലും ഇവർക്ക് തുക അനുവദിക്കാൻ പാടില്ല. ടി തുക ഹരിത കേരള മിഷൻ പ്രോജക്ടുകൾക്കായി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ട തുകയിൽ ഉൾപ്പെടുത്താനും അനുവാദം നൽകുന്നു. ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി അനുവദിക്കാനുള്ള അംഗീകാരം നൽകുന്നു.

(**നടപടി**- തദ്ദേശസ്വയംഭരണ വകുപ്പ്)

3.14 അങ്കണവാടി വർക്കർമാരുടേയും ഹെല്പർമാരുടേയും വർദ്ധിപ്പിച്ച വേതനം സാമൂഹ്യനീതി വകുപ്പ് തന്നെ നൽകുന്നതാണ്. ഇതിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനം വിഹിതം വകയിരുത്തേണ്ടതില്ല.

(**നടപടി**- തദ്ദേശസ്വയംഭരണ വകുപ്പ്)

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1 മലപ്പുറം ജില്ലാ കളക്ടറുടെ 18.12.2017- ലെ 833/17-18/DPC/DPO/mlpm നമ്പർ കത്തും വണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.12.2017-ലെ A3-119/17-18 (FM3/3/2018/LSGD)

വണ്ടൂർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ ബ്രാംകോ അലുമിനീയം കമ്പനിയുടെ പരിസരത്തെ വീടുകളിലെ ജലസ്രോതസ്സുകളിൽ ഫാക്ടറി മാലിന്യമായ ഫ്ലൂറൈഡ് അടക്കമുള്ള മാലിന്യങ്ങൾ കലരുന്നു. ഇപ്പോൾ ഈ സ്ഥാപനം അടച്ചു പൂട്ടിയിട്ടുണ്ട്. ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് ശുദ്ധജലം വിതരണം ചെയ്യാൻ അനുമതിയും ആവശ്യമായ ശുദ്ധജലം ലഭ്യമാക്കാൻ കേരള വാട്ടർ അതോറിട്ടിക്ക് നിർദ്ദേശവും നൽകണമെന്ന് ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** (i) ശുദ്ധജലം മലിനമായ പ്രദേശത്ത് താൽക്കാലിക പരിഹാരം എന്ന നിലയിൽ ശുദ്ധജല വിതരണം നടത്താൻ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ പ്രോജക്ട് നടപ്പാക്കാവുന്നതാണ്

(ii) ദീർഘകാല പരിഹാരം എന്ന നിലയിൽ കേരള വാട്ടർ അതോറിട്ടി വഴി ശുദ്ധജലം എത്തിക്കാൻ ജില്ലാതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

### 4.2 മലപ്പുറം ജില്ലാകളക്ടറുടെ 18.12.2017-ലെ 833/17-18/DPC/DPO/mpm നമ്പർ കത്തും കോട്ടയ്ക്കൽ മുനിസിപ്പൽ സെക്രട്ടറിയുടെ 29.11.2017-ലെ PW1(s) - 160 G1 /17-ാം നമ്പർ കത്തും 11.12.2017-ലെ PW2 (s)/160/G1/17-ാം നമ്പർ കത്തും

കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി താഴെ പറയുന്ന പ്രവർത്തികൾ 2015-16 വർഷം നടപ്പാക്കി ഇവയ്ക്ക് ജില്ലാ ആസൂത്രണ സമിതി അനുമതി ലഭിച്ചിരുന്നില്ല. അതിനാൽ തുക നൽകിയില്ല. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഇതിന്മേൽ രണ്ടാഴ്ച്ചയ്ക്കകം തീരുമാനമെടുക്കാൻ മലപ്പുറം ജില്ലാ ആസൂത്രണസമിതിയോട്

ആവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുവാൻ ക്രമീകരണം ചെയ്തു നൽകണമെന്ന ആവശ്യം സംബന്ധിച്ച്

| | | |
|---|---|---|
| 1 | ചാച്ചൻ കോളനി റോഡ് രണ്ടാം ഘട്ട ടാറിംഗ് പ്രവർത്തികൾ | അടങ്കൽ 4,00,000/- രൂപ (തനതുഫണ്ട്) |
| 2 | ഇല്ലിക്കൽ, ഈനിക്കൽ റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ട പ്രവൃത്തി | അടങ്കൽ 5,00,000/- രൂപ (തനതു ഫണ്ട്) |
| 3 | കാലൊടി കുഞ്ഞിമരയ്ക്കാർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി | അടങ്കൽ 5,00,000/- രൂപ (തനതു ഫണ്ട്) |
| 4 | കാവതികളത്തെ മഹിളാ സമാജത്തിലെ വൈദ്യുതീകരണം | |

**തീരുമാനം :-**

(i) ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ച് മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക നൽകാൻ അനുമതി നൽകുന്നു.

(ii) ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി കൂടാതെ പ്രോജക്ടുകൾ നിർവഹണം നടത്തിയ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം തേടാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

## 4.3 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2017-ലെ കത്ത്

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ളതും സ്വന്തം സ്ഥലവും കെട്ടിടവും ഉള്ള ചില വായനശാലകളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിച്ചു നൽകുന്നതിന് 1.00 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഡി.പി.സി പരിഗണിക്കേണ്ട വിഷയമാണ്. പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കണം.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി.)വകുപ്പ്)

## 4.4 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2017-ലെ C-33/2017-ാം നമ്പർ കത്ത്

2017-18 വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും നിരസിച്ചു. ഇവയ്ക്ക് അംഗീകാരം നൽകണമെന്നതു സംബന്ധിച്ച്

1) പ്രോ.നം.36/18 ''ഗൃഹമിത്ര''- വീട്ടുമുറ്റത്ത് പച്ചക്കറിക്കൃഷി - അടങ്കൽ 7,50,000/- രൂപ

ബ്ലോക്ക് പരിധിയിലെ 30 വായനശാലകളുടെ നേതൃത്വത്തിൽ 25 വീതം വനിതാ ഗ്രൂപ്പുകൾ മുഖേന 750 സ്ത്രീകൾക്കായി വീട്ടുമുറ്റത്തെ പച്ചക്കറിയാണ് ലക്ഷ്യം

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്ത് വിശദീകരണ കുറിപ്പിലൂടെ അറിയിച്ച പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന രീതിയിൽ പ്രോജക്ട് ഭേദഗതി വരുത്തി ജില്ലാ ആസൂത്രണസമിതി അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

2) പ്രോ.നം.74/18 ''ശുചിത്വ മിത്ര''-അജൈവ മാലിന്യ സംഭരണത്തിന് വാഹനം റിപ്പയർ - 1,50,000/- രൂപ

ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിന്റെ കൈവശമുള്ള 'സെറിഫെഡ്' ആവശ്യത്തിനു വാങ്ങിയ 407 ടാറ്റാ ടംബോ വാൻ (2005 മോഡൽ) ഇപ്പോൾ ഉപയോഗ ശൂന്യമാണ്. ഇത് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് മാലിന്യ സംഭരണത്തിന് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ അറ്റകുറ്റപ്പണി തീർക്കാൻ 1,50,000/- രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

## 4.5 പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 30.11.2017-ൽ) 25.10.2017-ലെ 324/2017-ാം നമ്പർ ഭരണ സമിതി തീരുമാനം.

2016-17-ൽ ആരംഭിച്ച താഴെപ്പറയുന്ന പ്രോജക്ട് 2017-18 വർഷം സ്പിൽഓവറായി തുടരുന്നുണ്ട്.

| | |
|---|---|
| പ്രോ.നം.89/18 - പഞ്ചായത്ത് ഓഫീസ്-കല്ലുരിക്കടവ് അഴുക്കുചാൽ നിർമ്മാണം | അടങ്കൽ 12,55,800/- രൂപ<br>വികസനഫണ്ട് 9,74,115/- രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് -41,580 രൂപ<br>തനത് ഫണ്ട് - 2,40,105/- രൂപ |

ഈ പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഭാഗം ദേശീയപാതയ്ക്കുവേണ്ടി ഏറ്റെടുത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിയില്ല. പ്രോജക്ട് സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ഒഴിവാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതൊഴിവാക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ ഈ പഞ്ചായത്തിന് മാത്രമായി ക്രമീകരണം ചെയ്യാൻ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

ഇൻഫർമേഷൻ കേരള മിഷൻ)

## 4.6 പിരിയാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2017 -ലെ കത്ത്

2014-15 വർഷം വീടിന്റെ മേൽക്കൂര റിപ്പയറിംഗിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. അടങ്കൽ 54,00,000/- രൂപ. 2015-16, 2016-17 വർഷം ഇത് സ്പിൽ ഓവറായി വച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല. ഈ വർഷം മാറ്റമുള്ള സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ അടങ്കൽ 1,16,40,000/- രൂപ. ഇതിൽ 1,14,34,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ്. മാർഗ്ഗരേഖ പ്രകാരമല്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

## 4.7 കൊല്ലം കോർപ്പറഷൻ സെക്രട്ടറിയുടെ 6-10-2017- ലെ H1/3853/2017-ാം നമ്പർ കത്ത്

കൊല്ലം കോർപ്പറേഷന്റെ അധീനതയിലുള്ള അറവുശാലയിൽ ETP (Effluent Treatment Plant) സൗകര്യമില്ലാത്തതിനാൽ പൂട്ടിയിരിക്കുന്നു. ETP സൗകര്യമൊരുക്കുന്നതിന് 55.00 ലക്ഷം രൂപയുടെ പ്രോജക്ട് ഈ വർഷം എടുത്തിട്ടുണ്ട്. (പ്രോജക്ട് നം-492/2018). ഇത് സ്ഥാപിക്കാനുള്ള Expression of Interest ക്ഷണിച്ച് കൊണ്ടുള്ള പത്ര പരസ്യത്തിന്റെ അടിസ്ഥാനത്തിൽ Areena Solution Pvt. Ltd. സമർപ്പിച്ച DPR പ്രകാരം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇത് പരിശോധിച്ച് തീരുമാനമെടുക്കാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

## 4.8 ഇടുക്കി ജില്ലാ കളക്ടറുടെ 13-12-2017- ലെ 50/17/DPC/DPO/ നമ്പർ കത്ത്- (വണ്ടിപ്പെരയാർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച്)

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഈ വർഷം ഷീ ലോഡ്ജിംഗിനായി 38,91,400/- രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന പദ്ധതി എന്ന നിലയിൽ തയ്യാറാക്കിയ ഈ പ്രോജക്ടിന് ജില്ലാതലസമിതി അംഗീകാരം നൽകിയിട്ടില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം-** ടൂറിസ്റ്റ് മേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്തായതിനാൽ ഷീ ലോഡ്ജിന് അനുമതി നൽകുന്നു.

എന്നാൽ ഈ വർഷം കെട്ടിടം പണിയുന്നതിന് മാത്രമാണ് (നിലവിലെ ടൗൺ ഹാളിനു മുകളിൽ) പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കെട്ടിടം പണിയുന്നതിന് മാത്രമല്ലാതെ ഷീ ലോഡ്ജിംഗ് ശൃംഖലയോട് ചേർന്ന് പ്രവർത്തിക്കാനുള്ള മുഴുവൻ സൗകര്യവും ഒരുക്കുന്നതിന് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഇതിനായി ബഹു വർഷ പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.9 പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10-11-2017 ലെ 358/17-ാം നമ്പർ കത്ത്**

2017-18 ൽ പട്ടികജാതി വിഭാഗക്കാരായ രണ്ട് പേർക്ക് വീട് വെയ്ക്കാൻ സ്ഥലം വാങ്ങി നൽകുന്നതിന് പ്രോജക്ട് വച്ചിട്ടുണ്ട്. (പ്രോജക്ട് നം-150/18, അടങ്കൽ തുക-7.50 ലക്ഷം രൂപ) ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഈ വർഷം വീട് അറ്റകുറ്റപ്പണിക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട് എന്നറിയിച്ചതനുസരിച്ച് പ്രത്യേക അനുമതി നൽകുന്നു. സ്ഥലം വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ നിരക്ക് പാലിക്കേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**4.10 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21-12-2017 ലെ B-1510/2017- നമ്പർ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് 2009-10 മുതൽ 2012-13 വരെ നടപ്പാക്കിയ IAY ഭവന പദ്ധതിയിലും 2014-15 വർഷം നടപ്പാക്കിയ IAY ഭവന പദ്ധതിയിലും ഗുണഭോക്താക്കൾക്ക് ഇനിയും നൽകാനുള്ള കേന്ദ്ര വിഹിതവും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള വിഹിതവും ലഭിച്ചിട്ടില്ല. ആകെ ഗുണഭോക്താക്കൾ 104. ഈ തുക നൽകാൻ 17,60,200/- രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അതത് വർഷത്തെ നിരക്കിൽ നൽകാൻ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്)

**4.11 സിഡ്കോ ചെയർമാന്റെ 04.12.2017-ലെ SIDCO/MKTG/ജനറൽ/17-18-ാം നമ്പർ കത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് (ഓഫീസ് ഫർണിഷിംഗ്, ഫർണിച്ചർ, ആധുനികവത്ക്കരണം, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ബസ് ഷെൽറ്റർ, സ്ട്രീറ്റ് ലൈറ്റ്, എൽ.ഇ.ഡി. ലൈറ്റ്, ഇ- ടോയ് ലറ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ) സിഡ്കോയെ നോഡൽ ഏജൻസിയായി നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം-** സ്റ്റോർ പർച്ചേയ്സ് നിയമപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.12 സിഡ്കോ ചെയർമാന്റെ 04.12.2017-ലെ SIDCO /MKTG/ജനറൽ /2017-18 നമ്പർ കത്ത്**

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡിജിറ്റൽ ലൈബ്രറി നടപ്പിലാക്കുന്നതിന് സിഡ്കോ-യെ ചുമതല ഏൽപ്പിച്ച് തീരുമാനമെടുക്കണമെന്ന് ആവശ്യം സംബന്ധിച്ച്.

**തീരുമാനം-** ഇത് ഐ.ടി വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.13 പിണറായി ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെ 18.09.2017-ലെ കത്ത് (LSGD-DA1/973/2017- LSGD)**

ജനകീയാസൂത്രണ പദ്ധതിയിൽ ക്ഷീര വികസനവുമായി ബന്ധപ്പെട്ട പദ്ധതി കൾക്കൊക്കെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വരുമാന പരിധി 1.00 ലക്ഷം രൂപയാണ് (ജനറൽ). കൂടാതെ ഒരു വർഷം നൽകാവുന്ന വിവിധ ധനസഹായങ്ങൾക്കും ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ നിന്ന് ക്ഷീര മേഖലയെ ഒഴിവാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം-** മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ ഇത് പരിഗണിക്കുന്ന താണ്.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.14 കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.11.2017-ലെ 2556/17-ാം നമ്പർ കത്തും 24.10.2017-ലെ 1(7)-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD - DB3/226/17/LSGD)**

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വെജിറ്റബിൾ ക്ലസ്റ്ററിന് വാഹനം വാങ്ങാൻ 5.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു തുടർ ചെലവുകൾ വെജിറ്റബിൾ ക്ലസ്റ്ററുകൾ വഹിക്കേണ്ടതാണ്..

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**4.15 ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2017-ലെ A2-30/2017/നമ്പർ കത്ത് ( LSGD - FM2/295/2017-LSGD)**

പഞ്ചായത്തിലെ 6 വാർഡുകൾ തോട്ടം മേഖലയിലാണ്. ഈ മേഖലകളിൽ അടിസ്ഥാന വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം-** പദ്ധതികൾ/പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് അറിയി ച്ചിട്ടില്ല. പരിഗണിച്ചില്ല.

(നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**4.16 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 18.11.2017-ലെ കത്ത്**

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 32 വിദ്യാലയങ്ങൾക്ക് ബസ് വാങ്ങി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 2017-18 വർഷം 235.00 ലക്ഷം രൂപയും 2018-19 വർഷം 245.00 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. പ്രോജക്ട് നം. 1757/18. ആകെ അടങ്കൽ 480.00 ലക്ഷം രൂപ). ആവർത്തന ചെലവ് പി.റ്റി.എ വഹിക്കും. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം-** പ്രത്യേക അനുമതി നൽകുന്നു. ഡ്രൈവറുടെ ശമ്പളം ഇന്ധന ചെലവ്, മറ്റ് ആവർത്തന ചെലവ് എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**4.17 ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന്റെ 15.12.2017-ലെ 314/2017-ാം നമ്പർ കത്ത്**

ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന് എല്ലാ നഗരസഭകളും മാസവരിയായി നൽകേണ്ട തുക 1000/- രൂപയിൽ നിന്ന് 5000/- രൂപയായി വർദ്ധിപ്പിച്ച് 04.12.2017-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ തുക പ്ലാൻ ഫണ്ടിൽ നിന്നും ഈടാക്കി നൽകണമെന്ന് ആവശ്യം സംബന്ധിച്ച്

**തീരുമാനം-** തനത്ഫണ്ട് ഉപയോഗിക്കണം. തനത് ഫണ്ട് ഇല്ലായെങ്കിൽ വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്)

**4.18 നഗരകാര്യ ഡയറക്ടറുടെ 04.11.2017-ലെ 3-33354/17-ാം നമ്പർ കത്തും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 09.10.2017-ലെ 3/25600/16-ാം നമ്പർ കത്തും**

2017-18 വാർഷിക പദ്ധതിയിൽ ''മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് പ്രത്യേകം രൂപകൽപന ചെയ്ത വാഹനം വാങ്ങിക്കൽ'' എന്ന പ്രോജക്ടിൽ കോംപാക്ടർ (ഒരെണ്ണം 40 ലക്ഷം രൂപ) സക്കർ കം ജെറ്റർ വാഹനം (ഒരെണ്ണം 30 ലക്ഷം രൂപ) എന്നിവയ്ക്കായി ആകെ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 32 ലക്ഷം രൂപ, തനത് ഫണ്ട് 38.00 ലക്ഷം രൂപ (പ്രോ.നം.14/18) ഇവ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**4.19 കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.11.2017-ലെ C-3 2694/DPK/KTM/2017-ാം നമ്പർ കത്തും 24.10.2017-ലെ 1(12)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ജില്ലയിലെ ഗവൺമെന്റ് ഹൈസ്കൂൾ/ഹയർസെക്കൻഡറി സ്കൂളുകളിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് 41.50 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (പ്രോ.നം797/18). ഇതിന് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയില്ല. അനുമതി സംബന്ധിച്ച്

**തീരുമാനം -** സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കണം

(നടപടി:-തദ്ദേശസ്വയംഭരണ .(ഡി.ബി) വകുപ്പ്)

**4.20 ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.12.2017-ലെ A1-1/17ാാം നമ്പർ കത്ത്**

2017-18-ലെ മങ്കര നായ്ക്കനാൽ തോട്ടിൽ യമുന ചെക്ക് ഡാമിന് സമീപം സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രോജക്ടിന്റെ (പ്രോ.നം 141/2018 അടങ്കൽ 2,10,000/- രൂപ) സേവിംഗ്സ് തുക എടുക്കാനായി ഭേദഗതിക്കായി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിച്ചപ്പോൾ റിവിഷനു പകരം ഡ്രോപ് എന്ന് രേഖപ്പെടുത്തി. ഈ പിശകു പരിഹരിക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** ഇതിനുവേണ്ട ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ വകുപ്പ്)
ഇൻഫർമേഷൻ കേരള മിഷൻ)

**4.21 വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2017-ലെ കത്ത്**

ജില്ലയിൽ സാധന സാമഗ്രികളുടെ കുറവ് കാരണം ടെണ്ടർ നടപടികൾ വൈകി. നിലവിൽ മൂന്ന് ഇ-ടെണ്ടറുകളും ഒരു മാന്വൽ ടെണ്ടറുകളും നടത്തിയതിനുശേഷം മാത്രമേ ക്വട്ടേഷൻ നടപടി സ്വീകരിക്കാൻ കഴിയൂ. ഇതിന് കാലതാമസം നേരിടുന്നതിനാൽ ഒരു ഇ-ടെണ്ടർ നടപടി പൂർത്തീകരിച്ച പ്രവർത്തികൾ ക്വട്ടേഷൻ/ഗുണഭോക്തൃസമിതി പ്രോജക്റ്റുകളായി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -**

1) രണ്ടു പ്രാവശ്യവും ഇ-ടെണ്ടർ വിളിച്ചതിനുശേഷവും ടെണ്ടർ ലഭിച്ചില്ലെങ്കിൽ പത്രപരസ്യത്തിലൂടെ ടെണ്ടർ വിളിക്കാൻ അനുമതി നൽകുന്നു.
2) ഗുണഭോക്തൃസമിതി മുഖേന ചെയ്യുന്നതിന് നിലവിലെ മാനദണ്ഡം പാലിക്കണം

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.22 ബഹു. നെയ്യാറ്റിൻകര എം.എൽ.എ.യുടെ 03.01.2018-ലെ കത്ത്**

കേരള ഓട്ടോമൊബൈൽസ് (KAL) വ്യത്യസ്തങ്ങളായ ഓട്ടോകൾ നിർമ്മിക്കുന്നുണ്ട്. കെ.എ.എൽ ന്റെ ഓട്ടോകളും കെ.എ.എൽ. നിർമ്മിക്കുന്ന ഹൈമാസ്റ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ - ക്വട്ടേഷൻ കൂടാതെ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം-** നിലവിലെ ഉത്തരവനുസരിച്ച് കെ.എ.എൽ ഉത്പാദിപ്പിക്കുന്ന ഓട്ടോ വാങ്ങാവുന്നതാണ്. എന്നാൽ ഹൈമാസ്റ്റ് അനുബന്ധ ഉപകരണങ്ങൾ കെ.എ.എൽ ഉത്പാദിപ്പിക്കുന്നില്ല എന്നതിനാൽ അനുമതി നിരസിച്ചു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.23 കണ്ണാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017-ലെ കത്ത്**

2017-18- വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുഴയ്ക്കൽ (4.50 ലക്ഷം രൂപ) ചാത്തൻതറ എസ്.സി. കോളനി (3.50 ലക്ഷം രൂപ) ചെമ്മങ്കാട് (1.25 ലക്ഷം

രൂപ) അരയാർ കോളനി (6.00 ലക്ഷം രൂപ) താന്നിയംകാവ് (3.25 ലക്ഷം രൂപ) എന്നീ സ്ഥലങ്ങളിലായി 5 കുടിവെള്ള പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. (ആകെ അടങ്കൽ 18.50 ലക്ഷം രൂപ) അടിയന്തിര പ്രോജക്ടുകൾ എന്ന നിലയിൽ നിലവിൽ മറ്റു കോൺട്രാക്ട് പണികൾ നടത്തുന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. ചിലയിടങ്ങളിൽ ബോർവെൽ കുഴിച്ച് മോട്ടോർ സ്ഥാപിച്ചു. ചിലയിടങ്ങളിൽ നിർമ്മാണം പുരോഗതിയിലാണ്. ഈ പ്രവൃത്തികൾ പൂർത്തിയാക്കാനും ബിൽ തുക കോൺട്രാക്ടർക്ക് നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം -** ടെണ്ടർ കൂടാതെ പ്രവൃത്തി ഏൽപ്പിച്ചത് നടപടിക്രമങ്ങളിലെ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. പഞ്ചായത്ത് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

(നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**4.24 നീലേശ്വരം നഗരസഭ ചെയർമാന്റെ 11.12.2017-ലെ G3-4227/17-ാം നമ്പർ കത്ത്**

ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് നിർവഹണ സാദ്ധ്യത ഇല്ലാത്ത വനിത ഘടക പദ്ധതിയിലെ പ്രോജക്ടുകളിലെ വികസന ഫണ്ട് ഉപയോഗിക്കാനും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാനും അനുമതി സംബന്ധിച്ച്

**തീരുമാനം -** പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് നിലവിലെ സർക്കാർ ഉത്തരവ് പാലിച്ച് ഉപയോഗിക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.25 കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.12.2017-ലെ കത്ത്**

ക്ഷീര വികസന മേഖലയിൽ സുരക്ഷിത പാൽ ഉത്പാദനം എന്ന പ്രോജക്ട് ഏറ്റെടുക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. നൂതന പ്രോജക്ട് എന്ന നിലയിൽ 6 ക്ഷീര സഹകരണ സംഘങ്ങളിലായി 30 വനിതാ കർഷകർ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 11.00 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്ന അടങ്കൽ. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം-** വിശദമായ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്കും ജില്ലാതല വിദഗ്ധ സമിതിക്കും സമർപ്പിക്കണം.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.26 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ കത്ത്**

സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ 20.00 ലക്ഷം രൂപ ഉൾപ്പെടുത്തി ശ്മശാന നിർമ്മാണത്തിന് പ്രോജക്ട് ഏടുത്തിരുന്നു. 2017-18-ൽ ഇത് സ്പിൽഓവറായി തുടരുന്നുണ്ട്. 3,55,056/- രൂപയുടെ പാർട്ട് ബില്ലിന്റെ തുക പഞ്ചായത്ത് ഡയറക്ടർ നൽകി. രണ്ടാമത്തെ പാർട്ട് ബില്ലിന്റെ തുക (8,56,872/- രൂപ) സമർപ്പിച്ചപ്പോൾ

ഇനി തുക അനുവദിക്കുകയില്ല എന്നറിയിച്ചു. അതിനാൽ ഈ പ്രോജക്ട് തനത് ഫണ്ട് ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - അനുമതി നല്കുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.27 ബഹു.നെന്മാറ എം.എൽ.എ.യുടെ 13.12.2017-ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും**

പഞ്ചായത്ത് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ 11,12,700/- രൂപ. മാർക്കറ്റിൽ നിന്നും വ്യാപാരികളിൽ നിന്നും മാലിന്യം ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - യൂസർ ഫീ ഈടാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.28 പഞ്ചായത്ത് ഡയറക്ടറുടെ 12.12.2017-ലെ J1-40765/17-ാം നമ്പർ കത്തും റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.11.2017-ലെ A2/1036/17-ാം നമ്പർ കത്തും**

റാന്നി-പെരിനാട്, നാറാണാമൂഴി പഞ്ചായത്തുകളിലായി കുടിവെള്ള വിതരണ പദ്ധതി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നുണ്ട്. വാട്ടർ ടാങ്കിന് 10 സെന്റ് സ്ഥലവും പമ്പിംഗ് സ്റ്റേഷന് 6 സെന്റ് സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം പഞ്ചായത്ത് വാങ്ങി നൽകണം. പമ്പിംഗ് സ്റ്റേഷന് കണ്ടെത്തിയ ശ്രീമതി മേരിക്കുട്ടി എന്ന ആളുടെ വീട് അടക്കമുള്ള ഈ സ്ഥലത്തിന്റെ വാല്യുവേഷൻ തുക 3,18,345/- രൂപയാണ്. ഇവർക്ക് വേറെ സ്ഥലമില്ല. ഈ തുക കൊണ്ട് ഈ കുടുംബത്തെ പുനഃരധിവസിപ്പിക്കുവാൻ കഴിയില്ല. അതിനാൽ ഇവരെ പുനഃരധിവസിപ്പിക്കുന്നതിന് വാല്യുവേഷൻ തുക അടക്കം 4.50 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - ഈ കുടുംബത്തിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ആവശ്യമായ തുക (വാല്യുവേഷൻ തുക ഉൾപ്പടെ) ചിലവഴിക്കാൻ അനുമതി നല്കുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**4.29 മലബാർ സിമെന്റ്സ് മാനേജിംഗ് ഡയറക്ടറുടെ 04.12.2018-ലെ PA1/AD13/2018-ാം നമ്പർ കത്ത്.**

നിർമ്മാണ പ്രവർത്തികൾക്ക് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള മുഴുവൻ സിമന്റും പൊതു മേഖലാ സ്ഥാപനമായ മലബാർ സിമെന്റ് ലിമിറ്റഡിൽ നിന്നും വാങ്ങാൻ നിർദ്ദേശം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം**- മലബാർ സിമെന്റ് ലിമിറ്റഡിൽ നിന്നും സിമെന്റ് വാങ്ങുന്നതിന് മുൻഗണന നൽകാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.30 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.12.2017-ലെ DP3-2079/13-ാം നമ്പർ കത്ത്.**

2016-17 വർഷത്തെ താഴെപ്പറയുന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്.

പ്രോ.നം.997/18. വലിയ കടമക്കുടി റോഡ് - അടങ്കൽ 28.00 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ്)

പ്രോജക്ടിൽ റോഡ് മെയിന്റൻസാണ് ഉദ്ദേശിച്ചിരുന്നത് കുടിവെള്ള പദ്ധതിക്കായി ഈ റോഡ് വെട്ടിപ്പൊളിച്ചിട്ടിരിക്കുന്നതിനാൽ ആദ്യമെറ്റലിംഗ് മുതൽ നടത്തേണ്ടി വന്നിരിക്കുന്നു. അതിനാൽ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി ഫസ്റ്റ് മെറ്റലിംഗ് അടക്കമുള്ള പ്രവൃത്തികൾ നിലവിലെ അടങ്കൽ തുക ഉപയോഗിച്ച് ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**4.31 വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.2017-ലെ കത്ത്**

പഞ്ചായത്ത് എല്ലാ വർഷവും എല്ലാ വാർഡിലും ചുരുങ്ങിയത് ഒരു വീട് നിർമ്മിക്കുന്നതിനെങ്കിലും ധനസഹായം നൽകാറുണ്ട്. ഈ വർഷവും ഇപ്രകാരം ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

പ്രോ.നം.45/18- വീട്ടു നിർമ്മാണം - വനിത അടങ്കൽ 19.25 ലക്ഷം രൂപ

പ്രോ.നം. 50/18 വീട്ടു നിർമ്മാണം - ആശ്രയ ” 5.00 ലക്ഷം രൂപ

**തീരുമാനം-**

1) പ്രോ.നം.45/18 - അനുമതി നിരസിച്ചു
2) പ്രോ.നം. 50/18 ആശ്രയ മാനദണ്ഡ പ്രകാരമാണ് എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നല്കുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.32 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2017-ലെ DP3-2079/13-ാം നമ്പർ കത്തും 18.12.2017-ലെ 19-ാം നമ്പർ ഭരണസമിതി തീരുമാനവും**

എറണാകുളം ജില്ലയിലെ പള്ളുരുത്തി പറവൂർ വൈപ്പിൻ ബ്ലോക്കുകളിലെ തീരദേശ മേഖലയിലെ പഞ്ചായത്തുകളിൽ റോഡുകൾ മിക്കതും 6 മീറ്റർ വീതിയില്ലാത്തവയാണ്. തീരദേശങ്ങളിൽ വീതി പരിഗണിക്കാതെ ജില്ലാ പഞ്ചായത്ത് തനിച്ചോ ഗ്രാമപഞ്ചായത്തുമായി ചേർന്നോ റോഡുകൾ അറ്റകുറ്റപ്പണി/നിർമ്മാണം നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** തുക ഗ്രാമപഞ്ചായത്തിന് കൈമാറിക്കൊണ്ട് ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.33 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2017-ലെ P1 - 315/2017/TDP നമ്പർ കത്തും അനുബന്ധ കുറിപ്പും.**

ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങൾ വഴി റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് താഴെപ്പറയുന്ന രണ്ട് പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1) പ്രോ.നം.1044/18- ക്ഷീര കർഷകർക്ക് റിവോൾവിഗ് ഫണ്ട്( ജനറൽ) — അടങ്കൽ 50.00 ലക്ഷം രൂപ
2) പ്രോ.നം. 1061/18 ക്ഷീര കർഷകർക്ക് റിവോൾവിഗ് ഫണ്ട് (വനിത) — ” 40.00 ലക്ഷം രൂപ

ഈ പ്രോജക്ട് നടപ്പാക്കാനുള്ള അനുമതി 23.08.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു. ബാങ്ക് ലോണുമായി ബന്ധപ്പെടുത്തി നൽകാനാണ് അനുമതി നൽകിയത്. ഇതു പുനഃപരിശോധിച്ച് ബാങ്ക് ലോൺ ഒഴിവാക്കി ഒരു കർഷകന് 40,000/-രൂപ വീതം ക്ഷീര സംഘം വഴി റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.34 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.2017-ലെ കത്തും 10.11.2017-ലെ 5-ാം നമ്പർ ഭരണസമിതി തീരുമാനവും**

2017-18 വർഷം വാകക്കാട് അങ്കണവാടി ഭാഗത്ത് കുടിവെള്ള പദ്ധതി പുനഃരുദ്ധാരണം (പ്രോ.നം.904/18 അടങ്കൽ 10.00 ലക്ഷം രൂപ ) എന്ന പ്രോജക്ടിന് ഗുണഭോക്തൃ വിഹിതം 1.00 ലക്ഷം രൂപ അടയ്ക്കണമെന്നും തോട്ടം മേഖലയായതിനാൽ ഇതൊഴിവാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം-** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്)

**4.35 തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.11.2017-ലെ കത്ത്**

താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2017–18 ൽ സ്പിൽ ഓവറായി നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണം നടത്തിയത് ടെണ്ടർ മുഖേനയാണ്. എന്നാൽ പ്രോജക്ടിൽ ചേർത്തിരുന്നത് ഗുണഭോക്തൃ സമിതി മുഖേന എന്നാണ്. അതിനാൽ പ്രോജക്ടിൽ ഗുണഭോക്തൃ സമിതി മുഖേന എന്നതിനു പകരം ടെണ്ടർ എന്നു ഭേദഗതി വരുത്താൻ അനുമതി സംബന്ധിച്ച്

1) പ്രോ.നം.90/18- പാമ്പാടി, തിരുവില്വാമല വില്ലേജുകളിൽ കുടിവെള്ള സൗകര്യമൊരുക്കൽ — അടങ്കൽ 4,07,000 രൂപ
2) പ്രോ.നം. 91/18 കണിയാർക്കോട് വില്ലേജിൽ കുടിവെള്ള സൗകര്യമൊരുക്കൽ — ” 4,07,000 രൂപ

**തീരുമാനം-** അനുമതി നല്കുന്നു. ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം നടത്തണം

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.36 ബഹു. നെന്മാറ എം.എൽ.എയുടെ 13.12.17 ലെ കത്തും എലവഞ്ചേരി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 22.11.2017-ലെ കത്തും.**

2016-17 വർഷം ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പ്രോജക്ട നടപ്പാക്കി (പ്രോ.നം.137/17- അടങ്കൽ 1,35,000/- രൂപ) 50 ശതമാനം ശുചിത്വമിഷൻ ഫണ്ട് വകയിരുത്താതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ശുചിത്വമിഷനിൽ നിന്ന് TS വാങ്ങാതെ പ്രോജക്ട നടപ്പാക്കിയതിനാൽ ഇതിന്റെ 50 ശതമാനം തുക ശുചിത്വമിഷനിൽ നിന്നു നൽകിയില്ല. ഈ തുക നൽകാൻ ശുചിത്വമിഷനോട് നിർദ്ദേശിക്കണമെന്നും TS വാങ്ങാതെ നടപ്പാക്കിയതിനു സാധൂകരണം നൽകണമെന്നും സംബന്ധിച്ച്

**തീരുമാനം -** ശുചിത്വമിഷൻ ഡയറക്ടർ ഇത് പരിശോധിച്ച റിപ്പോർട്ട് നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**4.37 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2017-ലെ 82/2017-18/DPO/Kannur നമ്പർ കത്ത്**

(i) 08.03.2016- ലെ 1222/16/തസ്വഭവ ഉത്തരവുപ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് PMAY പദ്ധതിക്കുള്ള നഗരസഭാ വിഹിതമായി ഉപയോഗിക്കാമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ പദ്ധതിമാർഗ്ഗരേഖ പ്രകാരം ഇത്തരം ആവശ്യത്തിന് തുക ഉപയോദിക്കാവുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്മേൽ സ്പഷ്ടീകരണം സംബന്ധിച്ച്

**തീരുമാനം -** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇപ്രകാരം ഉപയോഗിക്കാവു ന്നതല്ല എന്ന് സ്പഷ്ടീകരണം നല്കുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

(ii) പട്ടുവം ഗ്രാമപഞ്ചായത്ത് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വാഴക്കന്ന് വിതരണം നടത്താൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. അടങ്കൽ 1.73 ലക്ഷം രൂപ. ഇതിന് ഡി.പി.സി. അംഗീകാരം നൽകിയിരുന്നില്ല. ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇതു വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. അനുമതി നിരസിച്ചു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.38 വെട്ടികവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.17- ലെ കത്ത്**

'കോഴിഗ്രാമം പദ്ധതി' എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് മുട്ടക്കോഴികളെ വിതരണം ചെയ്യാനുള്ള പ്രോജക്ട് നൂതനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8300 മുട്ടക്കോഴികളെ 5 പേർ വീതം അടങ്ങുന്ന 32 ഗ്രൂപ്പുകൾ വഴിയും 6 പേർ വീതം അടങ്ങുന്ന ഒരു ഗ്രൂപ്പ് വഴിയും വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കൂട്, കോഴിമുട്ട വിപണനം, കോഴിതീറ്റ ഇവയൊക്കെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ട് 37.50 ലക്ഷം രൂപ. (ബ്ലോക്ക് വിഹിതം) കൂട്ട നിർമ്മാണത്തിന്റെ ചെലവ് 42.50 ലക്ഷം രൂപയാണ്- ഇത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്തുന്നു. അനുമതി സംബന്ധിച്ച്

**തീരുമാനം -** കോഴികളുടെ യൂണിറ്റ് വില കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനു മായി നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്)

**4.39 സേനാപതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2017 – ലെ B1-3/17-ാം നമ്പർ കത്ത്.**

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതിയും മറ്റും പിരിക്കാനും ഫീൽഡ്തല അന്വേഷണങ്ങൾക്കുമായി ഒരു മോട്ടോർ ബൈക്കുവാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**4.40 മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.2017 ലെ A2-179/17-ാം നമ്പർ കത്തും 20.09.2017 ലെ 714-ാം നമ്പർ ഭരണസമിതി തീരുമാനവും**

(i) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ 2016-17 പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം. 280/18 അടങ്കൽ 1,52,000/- രൂപ) ഈ പ്രോജക്ട് 2016-17 ൽ നിർവ്വഹണം പൂർത്തിയാക്കിയിട്ടില്ല. 2017-18 ൽ ചില വിദ്യാർത്ഥികൾ10-ാം ക്ലാസ്സ് പഠനം പൂർത്തിയാക്കി. ഇവർക്ക് കൂടി സൈക്കിൾ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** പഠനം തുടരുന്ന മറ്റു വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

(ii) 2016-017 ൽ പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് വിവാഹധന സഹായത്തിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോജക്ടിന്റെ ഏക ഗുണഭോക്താവിന്റെ മകളുടെ വിവാഹം 03.05.15 നു കഴിഞ്ഞു വെങ്കിലും 10.04.2017 – നാണ് അപേക്ഷ നൽകിയത്. ഇവർക്കുകൂടി ഈ വർഷം ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

(iii) 2016-17 വർഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകാൻ പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 283/18 – അടങ്കൽ 3,90,000/- രൂപ) ഗുണഭോക്താക്കളിൽ ചില വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കി. പഠനം പൂർത്തിയായവർക്കും ലാപ് ടോപ്പ് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.41 കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017 – ലെ A3-302/17-ാം നമ്പർ കത്തും 12.10.17 ലെ I (3)-ാം നമ്പർ ഭരണസമിതി തീരുമാനവും.**

കക്കൂസ് അറ്റകുറ്റപ്പണിക്ക് 5,50,000/- രൂപയും കക്കൂസ് നിർമ്മാണത്തിന് 4,50,000/- രൂപയും വകയിരുത്തി ഈ വർഷം പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കക്കൂസ് അറ്റകുറ്റപ്പണിക്ക് 6000/- രൂപയും നിർമ്മാണത്തിന് 10,000/- രൂപയുമാണ് നൽകുന്നത്. ബാക്കി ഗുണഭോക്തൃ വിഹിതം. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** 1) കക്കൂസ് നിർമ്മാണത്തിന് അനുമതി നൽകുന്നു
2) ചുവരുകൾ, മേൽക്കൂര, ഡൈജസ്റ്റർ ഭാഗം എന്നിവയുടെ അറ്റകുറ്റപ്പണിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.42 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.11.2017ലെ കത്ത്**

ഈ വർഷം ക്ഷീരഗ്രാമം എന്ന പേരിൽ 64 വനിതാഗ്രൂപ്പുകൾക്ക് പശുക്കളെ നൽകുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആകെ അടങ്കൽ 48,14,800/- രൂപ (വികസനഫണ്ട്). ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**4.43 എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017 – ലെ P1-45/17-ാം നമ്പർ കത്ത്.**

പഞ്ചായത്തിലെ എഴുകോൺ ജംഗ്ഷനിൽ മാർക്കറ്റിന്റെ മുൻവശത്തുള്ള റോഡ് റീടാർ ചെയ്ത വേളയിൽ ഉയരം കൂടിയതിനാൽ മാർക്കറ്റിലെ മാലിന്യം പഞ്ചായത്ത് ഓഫീസിലും ക്ഷേത്രമുറ്റത്തും എത്തുന്ന സാഹചര്യമുണ്ടായി. അടിയന്തിര പ്രവർത്തി എന്ന നിലയിൽ ഈ ഭാഗത്ത് പ്രോജക്റ്റ് തയ്യാറാക്കാതെ 175.5 ച.മീറ്റർ

വിസ്തീർണ്ണത്തിൽ ഇന്റർലോക്ക ചെയ്തു. ബിൽ തുക 1,50,000/- രൂപ. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.44 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.017- ലെ കത്ത്**

നെൽവിത്തു നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ സഹായിക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗ രേഖപ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ് നെൽവിത്തിനു സബ്സിഡി നൽകേണ്ടത്. ഗ്രാമപഞ്ചായത്തുകൾ മാറ്റി വച്ച തുക അപര്യാപ്തമായതിനാൽ ബ്ലോക്കു പഞ്ചായത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിനു വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്)

**4.45 ഒറ്റപ്പാലം GVHSS For Deaf പ്രിൻസിപ്പലിന്റെ 01.12.2017 ലെ കത്ത്**

ഈ സ്കൂളിൽ ഭൗതികസൗകര്യം വളരെ പരിമിതമാണ്. മെസ്സ്ഹാൾ ഇല്ല. മേശ, ബഞ്ച് ഇവയും കുറവാണ്. സ്കൂൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണ ത്തിലാണ്. മുനിസിപ്പാലിറ്റിക്കു കൈമാറിയിട്ടില്ല. സർക്കാർ അനുമതിയുണ്ടെങ്കിൽ ഭൗതിക സൗകര്യമൊരുക്കാൻ പ്രോജക്ടു എടുക്കാമെന്ന് മുനിസിപ്പൽ ചെയർമാൻ അറിയി ച്ചിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം -** പ്രത്യേകഅനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.46 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2017 ലെ കത്തും 24.10.17 ലെ 15(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നൽകാൻ 2017 – 18 ൽ പ്രോജക്ടു ഏറ്റെടുത്തിട്ടുണ്ട്. (പ്രോം.നം.143/18). 10 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 5 ഗുണഭോക്താക്കളായ കുട്ടികളുടെ മുത്തശ്ശന്മരുടേയും മുത്തശ്ശിമാരുടേയും പേരിലാണ് വീടും സ്ഥലവും. അതിനാൽ ഇവർക്ക് പഠനമുറി നൽകാൻ കഴിയുന്നില്ല. ഇവർക്ക് കൂടി ആനുകൂല്യം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

4.47 **വേങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.06.2017-ലെ A1-1379/17-ാം നമ്പർ കത്ത്**

2014-15 മുതൽ ഗ്രാമപഞ്ചായത്തിൽ 'സുസ്ഥിര' എന്ന പേരിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടി നടപ്പാക്കി വരുന്നുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ 5 വാളണ്ടിയർ മുഖേന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് റീസൈക്ലിംഗ് കേന്ദ്രത്തിൽ എത്തിക്കുന്നതാണ് പ്രവർത്തനം. ദിവസ വേതനം 250/- രൂപ. ഇത് ഈ വർഷവും തുടരാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** യൂസർ ഫീയിൽ നിന്ന് വേതനം നൽകണം. തുക തികയാതെ വന്നാൽ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ് എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

4.48 **മലപ്പുറം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 04.01.2018-ലെ കത്ത്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ വരുന്ന ''സ്ത്രീ ജനങ്ങൾക്ക് വിശ്രമകേന്ദ്രം'' പണിയുന്നതിന് ജില്ലാ പഞ്ചായത്ത് 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോ.നം.1134/18. ദേവസ്വം ബോർഡിന്റെ ഭൂമിയിൽ വിശ്രമ കേന്ദ്രം പണിയുന്നതിന് സമ്മതമാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇത് റവന്യൂ ഡിവിഷണൽ ഓഫീസറും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ചേർന്നു പരിശോധിച്ച് റിപ്പോർട്ട് നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

4.49 **കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.11.2017-ലെ കത്ത്**

കിണർ റീ ചാർജ്ജിംഗ് പ്രവൃത്തിയും മഴവെള്ള സംഭരണി നിർമ്മാണവും നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ''സ്കിൽ ഡെവലപ്മെന്റ് സെന്ററിനെ'' അംഗീകരിക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം -** 1) മഴവെള്ള സംഭരണി നിർമ്മാണം, കിണർ റീചാർജിംഗ് പ്രവൃത്തികൾ നിലവിലെ മാനദണ്ഡം പാലിച്ച് സ്കിൽ ഡെവലപ്മെന്റ് സെന്റർ മുഖേന നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

4.50 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ B1-737/17-ാം നമ്പർ കത്ത്**

തൊടുപുഴ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് നഴ്സുമാരുടെ അഭാവമുള്ളതിനാൽ ഡയാലിസിസ് പോലുള്ള അത്യാവശ്യ കാര്യങ്ങൾക്ക് രണ്ട് നഴ്സുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. ഇവർക്ക് തുടർച്ചയായി ശമ്പളം നൽകാൻ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്കു കഴിയില്ല എന്നതിനാൽ സ്ഥിരം സംവിധാനം ഉണ്ടാകുന്നതുവരെ ജില്ലാ പഞ്ചായത്തിൽ നിന്നു ദിവസ വേതനം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് ഫണ്ട് ഇല്ല എന്ന് മെഡിക്കൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് തൽക്കാലത്തേയ്ക്ക് വേതനം നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

4.51 **കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.11.2017-ലെ കത്ത്**

കോഴിക്കോട് മെഡിക്കൽ കോളേജിന് വെന്റിലേറ്റർ വാങ്ങി നൽകാൻ 15.00 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

4.52 **ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.01.2018-ലെ CA1 - 108/18-ാം നമ്പർ കത്ത്**

രാജകുമാരി ഗ്രാമപഞ്ചായത്തിലെ മഞ്ഞക്കുഴി - മുതുവാൻ കുടി പി.ഡബ്ല്യു.ഡി റോഡിന് അറ്റകുറ്റപ്പണിക്ക് പി.ഡബ്ല്യു.ഡിയിൽ നിന്ന് ഫണ്ട് വച്ചിട്ടില്ല. ഇവിടെ പട്ടികവർഗ്ഗ വിഭാഗക്കാർ തിങ്ങി പാർക്കുന്ന മേഖലയാണ് . ഈ റോഡിന്റെ പ്രവൃത്തിക്കുവേണ്ടി റ്റി.എസ്.പി. വിഹിതത്തിൽ നിന്ന് 26.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നിരസിച്ചു

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**4.53 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2018-ലെ കത്തും ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 04.01.2018-ലെ D1-2907/17/പ്ലാനിംഗ് നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.11.2017-ലെ തീരുമാനവും (ഖണ്ഡിക 4.7)**

ഇടുക്കി ജില്ലാ പഞ്ചായത്ത് '' ക്ഷീര സമൃദ്ധി''എന്ന പ്രോജക്ട് 2016-17-ൽ ഉൾപ്പെടുത്തിയിരുന്നു. ആകെ അടങ്കൽ 1.50 കോടി രൂപ. വികസനഫണ്ട് 75.00 ലക്ഷം രൂപ. 5 പേരുള്ള ഗ്രൂപ്പുകളായുള്ള ക്ഷീര കർഷകർക്ക് ബാങ്കിൽ നിന്നെടുക്കുന്ന ലോണിന് ബാക്ക് എൻഡ് സബ്സിഡി നൽകുകയാണ് ലക്ഷ്യം. പശുക്കളെ എല്ലാവരും വാങ്ങിച്ചുവെന്നതിനാൽ തുക ബാങ്കിലേയ്ക്ക് നൽകണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസറെ കോഓർഡിനേഷൻ കമ്മിറ്റി ചുമതല പ്പെടുത്തിയിരുന്നു.

ഇതിന്റെ ഗുണഭോക്താക്കൾ സബ്സിഡി ലഭിക്കുമെന്ന വിശ്വാസത്താൽ ബാങ്ക് ലോണെടുത്ത് പശുക്കളെ വാങ്ങിയിരുന്നുവെന്നും ഇവർക്ക് സബ്സിഡി നൽകണമന്നും ജില്ലാ മൃഗ സംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രോജക്ട് 2017-18-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ലെന്നും അതിനാൽ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ നടത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം -** മൃഗസംരക്ഷണ ഓഫീസറുടെ ശുപാർശ അനുസരിച്ച് അനുമതി നൽകുന്നു. സ്പിൽ ഓവറായി ഉൾപ്പെടുത്താനും അനുമതി നൽകുന്നു. ഇതിനുള്ള ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.54 തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2017-ലെ കത്ത്**

പാലിയേറ്റീവ് കെയർ യൂണിറ്റിന് ആംബുലൻസ് വാങ്ങാൻ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 4.00 ലക്ഷം രൂപ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും അതിനാൽ പഞ്ചായത്ത് വിഹിതമായി 5.00 ലക്ഷം രൂപ കൂടി ചേർത്ത് ആംബുലൻസ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.55 അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.12.2017-ലെ കത്ത്**

1) 2016-17 വർഷം അങ്കമാലിയിൽ പ്രവർത്തിക്കുന്ന 'ഇറാം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് - എക്സ്പ്ലോയർ അക്കാദമി'എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ പരിശീലനം നടത്തി 14 പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടിക്കൊടുത്തു.പ്രോജക്ടിന്റെ ചെലവ് 7.00 ലക്ഷം രൂപ.

സർക്കാർ അനുമതിയോടെയാണ് ഈ പ്രോജക്ട് നടപ്പാക്കിയത്. ഈ വർഷവും പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു. നിരക്ക് പിന്നീട് നിശ്ചയിക്കും.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**4.56 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.07.2017-ലെ കത്ത്**

ജില്ലാ പഞ്ചായത്ത് വൃക്ക രോഗികൾക്കുവേണ്ടി ''ജീവനം കിഡ്നി - വെൽഫയർ ഫൗണ്ടേഷൻ'' എന്ന സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 68 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 500 വൃക്ക രോഗികൾ ഉണ്ട്. ഇവരുടെ ചികിത്സയ്ക്ക് 1.50 കോടി രൂപ ഒരു വർഷം വേണം. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു കൂടി വിഹിതം കണ്ടെത്താൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ടിന് ഗ്രാമ/ബ്ലോക്ക് വിഹിതം വയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തിരുമാനം -**

1) ജില്ലാ/ഗ്രാമപഞ്ചായത്തു വിഹിതം എത്രയെന്ന് ജില്ലാ തലത്തിൽ നിശ്ചയിച്ച് തുക കണ്ടെത്താവുന്നതാണ്.
2) ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിനോ ജില്ലാ മെഡിക്കൽ ഓഫീസർക്കോ കൈമാറി അവരുടെ നിയന്ത്രണത്തിൽ സൊസൈറ്റി മുഖേന പദ്ധതി നടപ്പാക്കാൻ അനുമതി നൽകുന്നു. സൊസൈറ്റിക്ക് അഡ്വാൻസ് തുക കൈമാറാവുന്നതല്ല.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.57 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.12.2017-ലെ A13-18/2016-ാം നമ്പർ കത്ത്**

2017-18 വർഷം താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്

| | |
|---|---|
| 1) പ്രോ.നം.1071/18 - വനിത വ്യവസായ സംരംഭകർക്ക് വസ്തു വാങ്ങലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും (വനിത ഘടക പദ്ധതി) | 1,90,00,000/- |
| 2) പ്രോ.നം.1073/18 - പട്ടികജാതി വനിത വ്യവസായ സംരംഭകർക്ക് വസ്തു വാങ്ങലും അനുബന്ധ സൗകര്യങ്ങളും ഒരുക്കലും (എസ്.സി. എസ്.പി) | 2,58,00,000/- |

ജില്ലയിലെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് മുകളിൽ പറഞ്ഞ പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. സ്ഥലം വാങ്ങുന്നതിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം -** അനുമതി നൽകുന്നു. സ്ഥലം വാങ്ങുന്നതല്ലാതെ മറ്റ് ഘടകങ്ങളോ പ്രവർത്തനങ്ങളോ പ്രോജക്ടിൽ ഇല്ല എന്ന് യോഗം നിരീക്ഷിച്ചു.ഭൂമി ഉപയോഗിച്ചുകൊണ്ടുള്ള തുടർ പ്രവർത്തനം കൂടി ഭാവിയിൽ ഏറ്റെടുക്കേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**4.58 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ E1-81/2009/DPO/Wayanad നമ്പർ കത്ത്**

ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് ഓഫീസുകൾ പുതിയ മന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണി നേരിടുന്ന ജില്ല എന്ന നിലയിൽ ആസൂത്രണ ഭവനിലെ സുരക്ഷ സംബന്ധിച്ച പ്രവൃത്തികൾ നടപ്പാക്കണമെന്ന് സിവിൽ സ്റ്റേഷൻ എസ്റ്റേറ്റ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ആസൂത്രണസമിതി സെക്രട്ടേറിയറ്റ് കെട്ടിട നിർമ്മാണത്തിന്റെ സേവിംഗ്സ് തുക ഉപയോഗിച്ച് സുരക്ഷ സംബന്ധിച്ച പ്രവൃത്തികൾ നടത്തുന്നതിനും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ക്യാബിൻ വിപുലപ്പെടുത്തുന്നതിനും അനുമതി സംബന്ധിച്ച്.

**തീരുമാനം** ഇതിന്മേൽ ജില്ലാ ആസൂത്രണ സമിതി തീരുമാനമെടുക്കേണ്ടതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**4.59 ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018-ലെ 1/18-ാാം നമ്പർ കത്ത്**

2016-17-ൽ വൃദ്ധർക്ക് പകൽ വീട് നിർമ്മിക്കുന്നതിന്റെ ഒന്നാം ഘട്ട പ്രവർത്തനത്തിന് 6,50,000/- രൂപ വകയിരുത്തിയിരുന്നു. (പ്രോ.നം.164/17) രണ്ടാം ഘട്ട പ്രവർത്തനത്തിന് ഈവർഷം 8,10,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ പ്രോജക്ട് നിർവഹണം ആരംഭിച്ചിട്ടില്ല. ഇതിന്റെ എസ്റ്റിമേറ്റും പ്ലാനും ഭേദഗതി ചെയ്യണം. മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടാണ്. അനുമതി സംബന്ധിച്ച്

**തീരുമാനം** മാറ്റമില്ലാത്ത സ്പിൽഓവർ പ്രോജക്ടിന്റെ പ്ലാനും എസ്റ്റിമേറ്റും ഭേദഗതി ചെയ്താൽ ക്യാരി ഓവർ തുക ലഭിക്കില്ല. ഇത് പരിഗണിച്ച് പഞ്ചായത്തിന് തീരുമാനമെടുക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.60 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് )09.01.2018) 15.11.2017-ലെ 03(3)-ാം നമ്പർ ഭരണസമിതി തീരുമാനവും**

കാട്ടു മൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കാൻ 85.99 ലക്ഷം രൂപ ആകെ അടങ്കലിൽ (64.00 ലക്ഷം രൂപ ബ്ലോക്കു വിഹിതവും ബാക്കി ഗുണഭോക്തൃ വിഹിതവും) ''കാട്ടു മൃഗങ്ങളിൽ നിന്ന് വിള സംരക്ഷണം'' എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (പ്രോനം.20/18). ടിൻ ഷീറ്റ് വേലികെട്ടി കൃഷിയെ സംരക്ഷിക്കുകയാണ് പ്രവർത്തനം. കുടുംബശ്രീ കർഷക ഗ്രൂപ്പ് മുഖേനയാണ് ചെയ്യുന്നത്. വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ച ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം -** ഈ വർഷം ഏതെങ്കിലും ഒരു പഞ്ചായത്തിൽ/ ഏതെങ്കിലും മേഖലയിൽ പരിമിതപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകുന്നു. ഇതു വിലയിരുത്തി കൂടുതൽ മേഖലയിൽ നടപ്പാക്കുന്നത് പിന്നീട് പരിഗണിക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**4.61 ശൂരനാട് വടക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.12.2017-ലെ S3/6531/17-ാം നമ്പർ കത്ത്**

പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർഷിണിംഗിനും കോൺഫറൻസ് ഹാൾ സീലിംഗിനും ലോകബാങ്ക് വിഹിതം ഉപയോഗിച്ച് 2016-17-ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയായി. എന്നാൽ പ്രോജക്ട് നടത്തിപ്പ് രീതിയിൽ താഴെപ്പറയുന്നതടക്കമുള്ള ചില അപാകതകൾ ഉണ്ടായി എന്ന് സെക്രട്ടറി ചൂണ്ടിക്കാണിച്ചിരിക്കുന്നു.

1) പ്രോജക്ട് നടത്തിപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനയല്ല നടപ്പാക്കിയത്.
2) എസ്റ്റിമേറ്റ്അസിസ്റ്റന്റ് എഞ്ചിനീയർ അല്ല തയ്യാറാക്കിയത്, സാങ്കേതി കാനുമതി ലഭിച്ചില്ല തുടങ്ങിയ അപാകതകളാണ് ചൂണ്ടിക്കാണിച്ചിരി ക്കുന്നത്.

ഇതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്)

**4.62 കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2017-ലെ A2-3799/17(3) -ാം നമ്പർ കത്തും 25.09.2017-ലെ 1(4)-ാം നമ്പർ ഭരണസമിതി തീരുമാനം**

2017-18 വാർഷിക പദ്ധതിയിൽ നിന്ന് മുട്ടക്കോഴിയും കൂടും നൽകുന്നതിന് താഴെപ്പറയുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

പ്രോ.നം-347/17-18 കോഴിയും കൂടും പദ്ധതി - അടങ്കൽ 4,38,000/- രൂപ

**തീരുമാനം -** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.63 കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2017-ലെ A2-3799/17(5) -ാം നമ്പർ കത്തും 25.09.2017-ലെ 1(6)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2017-18 വാർഷിക പദ്ധതിയിൽ 8,00,000/- രൂപ വകയിരുത്തി 8-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. (പ്രോ.നം.288/17) പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.64 കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2017-ലെ A2-3799/17(4) -ാം നമ്പർ കത്തും 25.09.2017-ലെ 1(6)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2017-18 വാർഷിക പദ്ധതിയിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് 1,00,200/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോജക്ട് നം.288/17) ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് വകയിരുത്തിയിരിക്കുന്നത്. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നിരസിച്ചു

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.65 കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2017-ലെ A2-3799/17(1) -ാം നമ്പർ കത്തും**

വാർഷിക പദ്ധതിയിൽ വൃദ്ധർക്ക് സഹായ ഉപകരണം എന്ന പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നൽകിയിട്ടില്ല (പ്രോ.നം.363/17- അടങ്കൽ 2,00,000/രൂപ) വൃദ്ധർക്ക് ഊന്നുവടി, കണ്ണട, ശ്രവണസഹായി എന്നിവ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ശ്രവണ സഹായി മാത്രം നൽകാൻ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.66 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018 A2- 800/17-ാം നമ്പർ കത്തും 23.12.2017-ലെ 3(1)ാം നമ്പർ ഭരണസമിതി തീരുമാനവും**

രണ്ടാം വാർഡിലെ വട്ടത്തറ ഭാഗത്തെ റോഡിന്റെ തുടർച്ചയായുള്ള സമാന്തര റോഡ് റെയിൽവേയുടെ സ്ഥലത്തുകൂടിയാണ് കടന്നുപോകുന്നത്. ഇത് സഞ്ചാരയോഗ്യമല്ലാത്തതിനാൽ തനത് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ 23.03.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അനുമതി നൽകിയിരുന്നു. (ഖണ്ഡിക 3.42) തനത് ഫണ്ട് കുറവായതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്. നിർമ്മാണം നടത്താൻ റെയിൽവേ അനുമതി നൽകിയിട്ടുണ്ട്.

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.67 ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ A3-233/16-ാം നമ്പർ കത്തും 13.09.2017-ലെ 109/17(5)-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD/DB3/1/2018/LSGD)**

പഞ്ചായത്ത് മാലിന്യം ശേഖരിച്ച് ഒരു കേന്ദ്രത്തിൽ എത്തിച്ച് പ്ലാസ്റ്റിക് വേർതിരിച്ച് റീസൈക്ലിംഗ് സെന്ററിൽ എത്തിക്കാൻ പദ്ധതി നടപ്പാക്കുന്നുണ്ട്. 4 കുടുംബശ്രീ വാളണ്ടിയർമാരാണ് ഈ പ്രവർത്തനം നടത്തുന്നത്. പ്ലാസ്റ്റിക് ശേഖരിക്കാൻ പ്രത്യേക രൂപകൽപന ചെയ്ത നാലുചക്ര വാഹനം വാങ്ങാൻ 4,50,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (പ്രോ.നം.9/18) രണ്ട് കുടുംബശ്രീ പ്രവർത്തകർക്ക് ഡ്രൈവിംഗ് പരിശീലനം നൽകി അവർ തന്നെ വാഹനം ഓടിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം-** കുടുംബശ്രീ യൂണിറ്റ് മുഖേന മാലിന്യം ശേഖരിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**4.68 ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 08.10.2018-ലെ 11/ACS/2018/H&FWD-ാം നമ്പർ കുറിപ്പ്**

നിലവിലെ ജനകീയാസൂത്രണ മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങി നൽകുന്ന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്നതു സംബന്ധിച്ച് അവ്യക്തതയുണ്ടായിരുന്നു. ഇതു കാരണം പല തദ്ദേശഭരണ സ്ഥാപനങ്ങളും മെഡിക്കൽ ഓഫീസർമാരെയാണ് നിർവഹണ ഉദ്യോഗസ്ഥ

രാക്കിയത്. ഇത് ഒഴിവാക്കി ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സി.ഡി.പി.ഒ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവരെ നിർവഹണ ഉദ്യോഗസ്ഥരാക്കി ക്കൊണ്ട് സ്പഷ്ടീകരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** പൊതു വിഷയം ഖണ്ഡിക 3.2 പ്രകാരം പ്രോജക്ട് നടപ്പാക്കണം.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.69 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 16.12.2017)- LSGD/DA1/9/2018- LSGD**

ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസറെയാണ് നിശ്ചയിച്ചിരിക്കുന്നത് . മെഡിക്കൽ ഓഫീസർ ഈ പ്രോജക്ട് നടപ്പാക്കുന്നതിലെ ആശയക്കുഴപ്പം പരിഹരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം -** പൊതു തീരുമാനം ഖണ്ഡിക 3.2 ബാധകമാണ്

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.70 പഞ്ചായത്ത് ഡയറക്ടറുടെ 11.12.2017-ലെ 1-38685/17-ാം നമ്പർ കത്തും കടവല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2017-ലെ B2-313/17-ാം നമ്പർ കത്തും (LSGD /DA1/13/2018-LSGD)**

2015-16-ൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് നടപ്പാക്കി. 49 വിദ്യാർത്ഥികൾക്കായി 3.00 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകി. എന്നാൽ 2015-16-ലെ മാർഗ്ഗരേഖപ്രകാരമുള്ള നിരക്കിലാണെങ്കിൽ ഇനിയും 4,09,700/- രൂപ കൂടി നൽകണം. ഈ തുക കൂടി നൽകണമെന്ന് ചാവക്കാട് ലീഗൽ സർവീസ് അതോറിട്ടി നിർദ്ദേശിച്ചിട്ടുണ്ട്. ഈ തുക നൽകാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.71 ബഹു. ചിറ്റൂർ എം.എൽ.എ.യുടെ 27.10.2017-ലെ കത്തും പെരുമാട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.10.2017-ലെ A1-3257/17-ാം നമ്പർ കത്തും (LSGD - IB1/191/2017-LSGD**

ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ പഞ്ചായത്തിൽ നിയമിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്

(നടപടി:-തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

**4.72 നഗരകാര്യ ഡയറക്ടറുടെ 06.06.2016-ലെ E2 - 4411/16-നമ്പർ കത്തും ഇരഞ്ഞാലക്കട നഗരസഭാ സെക്രട്ടറിയുടെ 22.06.2015-ലെ PHI - 3316/2001-ാം നമ്പർ കത്ത്. (LSGD - EU3/88/2016- LSGD)**

ഇരിങ്ങാലക്കട നഗരസഭയോട് 01.11.2010-ൽ പൊറത്തിശ്ശേരി ഗ്രാമ പഞ്ചായത്തിനെ കൂട്ടിച്ചേർത്തിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴുള്ള 41 ശുചീകരണ തൊഴിലാളികളോടൊപ്പം 15 പേരെക്കൂടി അധികമായി നിയമിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ട താണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്)

**4.73 തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2017-ലെ A2-2264/17-നമ്പർ കത്ത്**

പച്ചക്കറി കൃഷിക്ക് ഗ്രോ ബാഗിന് 75% സബ്സിഡി അനുവദിച്ചിട്ടുണ്ട്. മൺചട്ടിക്കുള്ള സബ്സിഡിയും 75% ആക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം -** മാർഗ്ഗരേഖ പ്രകാരം 60 രൂപയെന്ന പരിധിക്കു വിധേയമായി ഗ്രോ ബാഗിന് 75% സബ്സിഡി നൽകാവുന്നതാണ്. ഇതേ നിരക്കിൽ മൺചട്ടിക്കും നൽകാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.74 സാമൂഹ്യനീതി ഡയറക്ടറുടെ 29.08.2017-ലെ ICDS/A7-4774/17 ഉത്തരവും 15.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനവും**

സാമൂഹ്യനീതി വകുപ്പ് സംസ്ഥാനത്ത് 69 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. ഒരെണ്ണത്തിന്റെ യൂണിറ്റ് ചെലവ് 14.50 ലക്ഷം രൂപ. സാമൂഹ്യനീതി വകുപ്പ് ഇതിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ ചെലവിന്റെ 60 ശതമാനം തുക വകുപ്പ് നൽകും. തദ്ദേശഭരണ സ്ഥാപനം 40 ശതമാനം (5.80 ലക്ഷം രൂപ) തുക നൽകണം. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനം തുക വകയിരുത്തിയാൽ മാത്രമേ വകുപ്പ് തുക അനുവദിക്കുകയുള്ളൂ എന്ന് സാമൂഹ്യനീതി വകുപ്പ് അറിയിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ 40 ശതമാനം തുക ഓരോ ജില്ലയിലേയും പി.ഡബ്ല്യു.ഡി (കെട്ടിടം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗമുള്ളതിനാൽ പദ്ധതി പഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യനീതി വകുപ്പ്

തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നതാണ് സൗകര്യപ്രദമെന്നും 15.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തി. ഇതിന്മേൽ സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ അഭിപ്രായ പ്രകാരം തീരുമാനമെടുക്കാമെന്നും യോഗം തീരുമാനിച്ചിരുന്നു.

സാമൂഹ്യ നീതി വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന്റെ കൺട്രോളിംഗ് ഓഫീസർ പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ ആണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഈ വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായ പ്രകാരം താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം -** i) തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യനീതി വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന്റെ കൺട്രോളിംഗ് ഓഫീസർ ആയി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥരെ സബ് കൺട്രോളിംഗ് ഓഫീസറായി നിശ്ചയിക്കാനും തീരുമാനിച്ചു. ഇപ്രകാരം ക്രമീകരണം നടത്തുന്നതിനുള്ള തുടർ നടപടികൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറും സാമൂഹ്യ നീതി ഡയറക്ടറും ചെയ്യണം.

ii) സാമൂഹ്യനീതി ഡയറക്ടറുടെ 29.08.2017-ലെ KDS/A7-4774/17-ാംനമ്പർ ഉത്തരവു പ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ സാമൂഹ്യനീതി വകുപ്പിന്റെ വിഹിതം തെരഞ്ഞെടുക്കപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. ഇപ്രകാരം തുക കൈമാറിക്കിട്ടുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആകെ ചെലവിന്റെ 40 ശതമാനം തുക വകയിരുത്തണം. പ്രവർത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ മുഖേന നടപ്പാക്കണം.

(നടപടി:-തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)

**4.75 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.11.2017-ലെ യോഗ നടപടി വിവരവും (ഖണ്ഡിക 4.15) കാസറഗോഡ് ജില്ലാ കളക്ടറുടെ 19.09.2017-ലെ 704/17/DPC/KSD-നമ്പർ കത്തും.**

അങ്കണവാടി വർക്കർമാർക്ക് വർദ്ധിപ്പിച്ച ഓണറേറിയത്തിന് വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണോ എന്ന് വ്യക്തത വരുത്തണമെന്നതു സബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ അഭിപ്രായം തേടിയിരുന്നു. യോഗത്തിൽ സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചതനുസരിച്ച് താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

**തീരുമാനം -** അങ്കണവാടി വർക്കർമാരുടേയും ഹെല്പർമാരുടേയും വർദ്ധിപ്പിച്ച വേതനം സാമൂഹ്യനീതി വകുപ്പ് തന്നെ നൽകുന്നതാണ്. ഇതിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനം വിഹിതം വകയിരുത്തേണ്ടതില്ല.

(നടപടി:-തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)

**4.76 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.2017-ലെ യോഗ തീരുമാനപ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.2017-ലെ A2-1727/2017(2) -ാം നമ്പർ കത്തും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 05.01.2018-ലെ KSA - 2356/553/2017-ാം നമ്പർ കത്തും**

കേരള വാട്ടർ അതോറിട്ടി ഏറ്റെടുത്ത് നടത്തി വരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് 12.5 ശതമാനം നിരക്കിൽ സെന്റേജ് ചുമത്തുന്നുണ്ട്. എസ്റ്റിമേറ്റിന്റെ 10 ശതമാനം സൂപ്പർവിഷൻ ചാർജ്ജും 2.5 ശതമാനം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5 ശതമാനം സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യൂ.ഡി മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജായ 2.5 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല എന്നു കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് കുറിപ്പെഴുതിയിരിക്കുന്നു. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധമാണ്.

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

**തീരുമാനം -** പി.ഡബ്ല്യൂ.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2 .5 ശതമാനം സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതല്ല.

(നടപടി:-തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

**4.77 കണ്ണൂർ കോർപ്പറേഷൻ മേയറുടെ 04.01.2018-ലെ C3-27922/16-ാം നമ്പർ കത്ത്**

കണ്ണൂർ കോർപ്പറേഷൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി നിർമ്മിച്ച ഭവന സമുച്ചയത്തിന് സ്ഥലം ഏറ്റെടുത്തിരുന്നു. സ്ഥലമുടമസ്ഥർക്ക് നൽകേണ്ട നഷ്ട പരിഹാരം കൂട്ടി കിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഇത് ഏകദേശം 2.00 കോടി രൂപയാണ്. ഈ തുക പലിശ സഹിതം നൽകാൻ കോടതി ഉത്തരവായിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു. ഈ തുക ഈ വർഷം നടപ്പാക്കാൻ സാധിക്കാത്ത എസ്.സി.എസ്.പി പ്രോജക്ടുകൾ ഒഴിവാക്കി ലഭിക്കുന്ന തുകയും എസ്.സി.എസ്.പി പ്രോജക്ടുകളിലെ സേവിംഗ്സ് തുകയും ഉപയോഗിച്ച് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം -** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**4.78 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 08.01.2018-ലെ J5/1378/18-ാം നമ്പർ കത്തും 28.12.2017-ലെ 1(4)-ാം നമ്പർ കൗൺസിൽ തീരുമാനവും**

കോർപ്പറേഷനിൽ വീട്ടു നിർമ്മാണത്തിനും മാലിന്യ സംസ്കരണത്തിനുമായി ഭൂമി കണ്ടെത്തി വാങ്ങേണ്ടതുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന ഭൂമി വാങ്ങുന്നതിന് റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന മാർക്കറ്റ് വിലയേക്കാൾ കുറവാണ് അതിനാൽ സ്ഥലം ഉടമകൾ ഭൂമി കോർപ്പറേഷനു നൽകുന്നില്ല. മത്സ്യ തൊഴിലാളികൾക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും 16.12.2016-ലെ 29/17/മ.ഉ.വ നമ്പർ പ്രകാരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോർപ്പറേഷനിലും ഇതേ രീതിയിൽ ഉയർന്ന വിലയിലുള്ള ഭൂമി നെഗോസിയേഷൻ നടത്തി വാങ്ങാൻ അനുമതി നൽകണ മെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം -** ഇത് റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്കും റിപ്പോർട്ടിനുമായി നൽകാൻ തീരുമാനിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**(യോഗം ഉച്ചകഴിഞ്ഞ് 1.30-ന് അവസാനിച്ചു)**

**************